പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *734 17.7.2012-ൽ മറുപടിയ്ക്ക്

പച്ചക്കറി ഉല്പാദനവും ആവശ്യകതയും തമ്മിലുള്ള അന്തരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എം. ഹംസ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനവും ആവശ്യകതയും തമ്മിലുള്ള അന്തരവും അത് പരിഹരിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച് വിശദമാക്കാമോ; | (എ) സംസ്ഥാനത്തിനാവശ്യമുള്ള പച്ചക്കറി ഏകദേശം 28 ലക്ഷം ടൺ ആണ്. എന്നാൽ ആഭ്യന്തര ഉൽപ്പാദനം 8.25 ലക്ഷം ടൺ മാത്രമാണ്. പച്ചക്കറിയുടെ മൊത്തം ആവശ്യക്തയുടെ 30 % ൽ താഴെ മാത്രമാണ് ആഭ്യന്തര ഉൽപ്പാദനം. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 42.5 കോടി രൂപയുടെ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിക്ക് ഈ വർഷം തുടക്കം കുറിച്ചു. വിദ്യാലയങ്ങൾ. വീട്ടുവളപ്പുകൾ, സർക്കാർ / സർക്കാരിതര സ്ഥാപന ങ്ങളിലെ ലഭ്യമായ സ്ഥലം, മുനിസിപ്പാലിറ്റികൾ, കൊല്ലം, തൃശ്ശൂർ കോർപ്പറേഷൻ പ്രദേശങ്ങൾ എന്നിവിടങ്ങ ളിലാണ് വിപുലമായ ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പൂർണ്ണതോതിൽ പ്രവർത്തികമാക്കുന്നതോടെ പുതുതായി 14363 ഹെക്ടറിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും 172368 മെട്രിക് ടൺ |

പച്ചക്കറി അധികമായി ഉൽപാദിപ്പിക്കുവാനും സാധിക്കും.

പച്ചക്കറി ഉൽപാദനം വർദ്ധിപ്പിയ്ക്കുക, വിഷവിമുക്തമായ പച്ചക്കറി സാധാരണക്കാർക്ക് ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ 2011-12 വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സഹായത്തോടുകൂടി (ആർ.കെ.വി.വൈ) വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി നടപ്പിലാക്കി . 2012-13 വർഷത്തിൽ ഈ പദ്ധതി എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ.കെ.വി.വൈ) സാമ്പത്തിക സഹായത്തോടുകൂടി ഇടുക്കി ജില്ലയിലെ ദേവിക്കുളം ബ്ലോക്കിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ശീത ക്കാല പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി ഒരു പദ്ധതി രൂപികരിച്ചു നടപ്പിലാക്കിവരുന്നു. ഹെക്ടർ ഒന്നിന് 22500 രൂപ നിരക്കിൽ 3000 ഹെക്ടർ സ്ഥലത്ത് കോളി ഫ്ളവർ, കാബേജ്, കാരറ്റ്, മുള്ളങ്കി, ഉരുളക്കിഴങ്ങ്, വെളുത്തുള്ളി, ബീൻസ്, ബീറ്റ്റൂട്ട്, കാപ്സിക്കം തുടങ്ങിയ ശീതകാല പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 1164.05 ലക്ഷം രുപയുടെ പദ്ധതിയ്ക്കാണ് അനുമതി നൽകിയിരിക്കുന്നത്.

ഇതു കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ ഗൃഹപരിസ

രങ്ങിലേയും മട്ടുപ്പാവുകളിലെയും പച്ചക്കറി കൃഷി, തരിശുനിലങ്ങളിലെ കൃഷിയും ഹൈടെക് കൃഷി രീതികളും നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ 2012-13 സാമ്പത്തിക വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

**(ബി)** പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രഖ്യാപനങ്ങളും പദ്ധതികളും പ്രായോഗികമാക്കാനുള്ള ഫലപ്രദമായ എന്ത് ശ്രമങ്ങളാണ് കൃഷി വകുപ്പ് നടത്തിയിട്ടുള്ളത്;

**(ബി)** 2012-13 ൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾ വഴിയുള്ള വീട്ടുവളപ്പിലെ കൃഷിയ്ക്ക് 9.7.2012 ന് തുടക്കം കുറിച്ചു കഴിഞ്ഞു. സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി എന്ന ഘടകത്തിൽ തെരഞ്ഞെടുക്കുന്ന 2400 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിയ്ക്കും കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുമായി ഓരോ സ്കൂളിനും 3500/- രൂപ സഹായധനം നൽകുന്നുണ്ട്.

പുരയിടങ്ങളിൽ പച്ചക്കറി കൃഷിയെന്ന ഘടകത്തിൽ വിദ്യാർത്ഥികൾ വഴി പച്ചക്കറി വിത്ത് കിറ്റുകൾ കേരളത്തിലെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾ മുഖേന വിതരണം നടത്തുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. നഗരങ്ങളിലും മുനിസിപ്പാലിറ്റികളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 1,06,500 ഗ്രോബാഗ് യൂണിറ്റുകൾ 75 % സബ്സിഡി നിരക്കിൽ നൽകുന്നതാണ്. വാണിജ്യാടിസ്ഥാനത്തിൽ കർഷക കൂട്ടായ്മയിലൂടെ ബ്ളോക്കുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ആർ.കെ.വി.വൈയുടെ സാമ്പത്തിക സഹായത്തോടുകൂടി വെജിറ്റബിൾ ഇൻഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലും ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്കിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ശീതക്കാല പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി ഒരു പദ്ധതി രൂപികരിച്ചു നടപ്പിലാക്കിവരുന്നു

. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ സർക്കാർ സഹായത്തോടെ സംസ്ഥാനത്ത് പച്ചക്കറി വ്യാപകമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

- 14 ജില്ലകളിലും കൂടുതൽ പ്രദേശങ്ങളിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും അതുവഴി 2012 -13 കാലയളവിൽ വി.എഫ്.പി.സി.കെ. കർഷകരുടെ പച്ചക്കറി കൃഷി 22000 ഹെക്ടറിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.
- 650 പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുകയും 20000 പുതിയ കർഷകരെ വി.എഫ്.പി.സി.കെ.യിൽ അംഗങ്ങളാക്കുകയും ചെയ്യുക.
- കർഷക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- ഗുണമേന്മയുള്ള 65 മെട്രിക് ടൺ പച്ചക്കറി വിത്ത് ഉല്പാദിപ്പിച്ച് വിതരണം നടത്തുക
- ശീതകാല പച്ചക്കറി കൃഷി 100 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കുക
- ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള പച്ചക്കറി ഇനങ്ങളുടെ 25 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക.
- പച്ചക്കറി കൃഷിയിൽ നൂതന

സാങ്കേതിക വിദ്യകളായ പ്രിസിഷൻ ഫാമിങ്ങ്, ഹൈടെക് അഗ്രിക്കൾച്ചർ, പോളി ഹൗസ് പദ്ധതി മുതലായവ നടപ്പിലാക്കുക

- 60 കോടി രൂപ പഴം പച്ചക്കറിമേഖലയിലെ കർഷകർക്ക് വിവിധ ബാങ്കുകൾ വഴി വായ്പയായി ലഭ്യമാക്കുക.
- പഴം പച്ചക്കറി വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുകയും കർഷകർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും, ലൈഫ് ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കുകയും ചെയ്യുക .
- ഓർഗാനിക് ഫാമിങ് കൃഷിരീതി പ്രോത്സാഹിപ്പിക്കുക .
- മണ്ണ് പരിശോധന നടത്തുകയും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും ചെയ്യുക.
- കൗൺസിലിന്റെ വിപണിവഴിയുള്ള വ്യാപാരം 3 ലക്ഷം ടണ്ണായി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.
- കർഷക പങ്കാളിത്തത്തോടെയുള്ള കാലാവസ്ഥാ വിവരശേഖരണം നടത്തുക.
- ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നുള്ള ഡാറ്റ വിശകലനം ചെയ്ത് കർഷകരിലെത്തിക്കുക.
- 14 പുതിയ കാർഷിക വിപണികളുടെ രൂപീകരണം, 241 നിലവിലുള്ള വിപണികളുടെ നിലനിൽപ്പ്, സ്വാശ്രയത്വം എന്നിവയ്ക്കുള്ള സഹായം.
- കർഷക വിപണികളുടെ വികസനവും, നെറ്റ് വർക്കിംഗ് സംവിധാനം ഏർപ്പെടുത്തലും നടപ്പിലാക്കുക.
- Fair Price സംവിധാനം നടപ്പിലാക്കുകയും എല്ലാ

ഉല്പന്നങ്ങൾക്കും അടിസ്ഥാനവില നിശ്ചയിക്കുകയും ചെയ്യുക.

- പഴം പച്ചക്കറി മേഖലയിലെ ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

(സി) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികളെല്ലാം സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യമുണ്ടോ; ഇത് സാധിക്കുന്നതിന് ബഡ്ജറ്റിൽ പണം വകയിരുത്തപ്പെട്ടിട്ടുണ്ടോ?

(സി) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ എല്ലാം സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിച്ച് സ്വയം പര്യാപ്ത കൈ വരിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള എല്ലാ പദ്ധതികൾക്കും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ